LIBRARY ARCHIVES Kerala Legislative Assembly

റെയിൽവേ ക്രോസുകളുടെ നിലവാരം

64 (3218) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവെ ക്രോസുകളുടെ നിലവാരം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ ആകെ എത്ര റെയിൽവേ ക്രോസുകളുണ്ടെന്നും അവയിൽ എത്ര എണ്ണത്തിന് മേൽപ്പാലങ്ങളുണ്ടെന്നും എത്ര കാവൽക്കാരില്ലാത്ത റെയിൽ ക്രോസുകളുണ്ടെന്നും അറിയിക്കുമോ;

(സി) ഈ പോരായ്മ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആളില്ലാ ലെവൽ ക്രോസ്സുകളിലെല്ലാം ആളെ നിയമിക്കണമെന്ന് മുമ്പ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇപ്പോൾ ആളില്ലാ ലെവൽ ക്രോസ്സുകളൊന്നും തന്നെ സംസ്ഥാനത്തില്ല.

(ബി&സി) ആകെ റെയിൽവേ ക്രോസ്സുകളുടെ എണ്ണം - 294

മേൽപ്പാലങ്ങളുടെ എണ്ണം - 113

കാവൽക്കാരില്ലാത്ത റെയിൽ ക്രോസ്സുകൾ- ഇല്ല.

റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ

65 (3219) ശ്രീ. എളമരം കരീം :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പല പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പഴകിയ ബോഗികൾ നൽകിയും യാത്രാസുരക്ഷിതത്വം ഉറപ്പുവരുത്താതെയും സംസ്ഥാനത്തെ അവഗണിക്കുന്നുവെന്ന വസ്തുത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നതിനെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്ത് തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗ യോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70 ശതമാനത്തിനുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പേൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു:

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യമായ ആളുകളെ നിയമിക്കണം;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിരത്തിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ്

നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാരിയായ സൗമ്യയുടെ ദാരുണ മരണത്തെത്തുടർന്ന് ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സംസ്ഥാന പോലീസും റെയിൽവേയും ചേർന്ന് കൂടുതൽ ഊർജ്ജിതമായും കർശനമായും സ്വീകരിച്ചു വരുന്നുണ്ട്.

വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനം

66 (3220) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനമൊന്നുമില്ലാതെ അവഗണിക്കപ്പെട്ടു കിടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാകുന്ന വിധം സ്റ്റേഷൻ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. സതേൺ റെയിൽവേ ജനറൽ മാനേജരുടെ വാർഷിക പരിശോധനകളുടെ ഭാഗമായി ടി സ്റ്റേഷൻ മോടിപിടിപ്പിച്ചതായി റെയിൽവേ അറിയിച്ചിട്ടുണ്ട്. ടി റെയിൽവേ സ്റ്റേഷൻ ഭേദപ്പെടുത്തുന്നതിനുവേണ്ട നടപടി താമസംവിനാ ത്വരിതഗതിയിൽ സ്വീകരിക്കുന്നതാണെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും

67 (3221) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും ഉണ്ടാക്കുന്ന അപകടങ്ങളും നഷ്ടങ്ങളും

LIBRARY ARCHIVES Kerala Legislative Assembly